സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡ് – എസ്റ്റേറ്റ് ഡിവിഷനിലെ അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് –2 തസ്തിക ബോർഡ് ആഫീസിലെ നിയമ വിഭാഗത്തിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ഉത്തരവ് നമ്പർ: **ROC 11153/14/Est-1(i)** നന്തൻകോട്, **26/08/2022**

---

പരാമർശം :– 1) 19–02–2022 ലെ ROC 11153/14/Est-1 (i) നമ്പർ ഉത്തരവ്.

2) ദേവസ്വം കമ്മീഷണറുടെ 23–07–2022 ലെ ROC 147/05/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ദേവസ്വം ബോർഡ് ആഫീസിലെ നിയമ വിഭാഗത്തിൽ നിന്നും ഒരു അസിസ്റ്റന്റ് ലാ ആഫീസർ (ഗ്രേഡ് –2) തസ്തിക എസ്റ്റേറ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിലേക്ക് ഷിഫ്റ്റ് ചെയ്തും ടി തസ്തികയിൽ ബോർഡ് ആഫീസിലെ അസിസ്റ്റന്റ് ലാ ആഫീസർ (ഗ്രേഡ് –2) ശ്രീ. റ്റി.എസ്. വിനോദിനെ നിയോഗിച്ചും പരാമർശം (1) പ്രകാരം ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ദേവസ്വം കമ്മീഷണർ ആഫീസിലെ നിയമ വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഒരു സീനിയർ അസിസ്റ്റന്റ് ലാ ആഫീസറുടെ സേവനം അത്യാവശ്യമാണെന്നും ആകയാൽ നിലവിൽ എസ്റ്റേറ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിൽ അസിസ്റ്റന്റ് ലാ ആഫീസർ (ഗ്രേഡ് –2) തസ്തികയിൽ ജോലി നോക്കിവരുന്ന ശ്രീ. റ്റി.എസ്. വിനോദിനെ ദേവസ്വം കമ്മീഷണർ ആഫീസിലെ ലാ ആഫീസർ ഗ്രേഡ് –2 തസ്തികയിൽ നിയോഗിക്കണമെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം –2).

(മറുപുറം)

ടി വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കുംപ്രകാരം തീരുമാനം കൈക്കൊണ്ടു.

എസ്റ്റേറ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിലെ അസിസ്റ്റന്റ് ലാ ആഫീസർ (ഗ്രേഡ് –2) തസ്തിക 01–09–2022 പ്രാബല്യത്തിൽ ബോർഡ് ആഫീസിലെ നിയമ വിഭാഗത്തിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് ഉത്തരവാകുന്നു.

ബോർഡാഫീസിലേക്ക് ഷിഫ്റ്റ് ചെയ്ത പ്രസ്തുത തസ്തികയിൽ ദേവസ്വം കമ്മീഷണർ ആഫീസിലെ അസിസ്റ്റന്റ് ലാ ആഫീസർ (ഗ്രേഡ് –2) ശ്രീ. അനുരാജിനെ സ്ഥലംമാറ്റി ഉത്തരവാകുന്നു.

എസ്റ്റേറ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിലെ അസിസ്റ്റന്റ് ലാ ആഫീസർ (ഗ്രേഡ് –2), ശ്രീ. റ്റി.എസ്. വിനോദിനെ ദേവസ്വം കമ്മീഷണർ ആഫീസിലേയ്ക്ക് സ്ഥലംമാറ്റി ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :–

1. ദേവസ്വം കമ്മീഷണർ
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എസ്റ്റേറ്റ് ഡിവിഷൻ
3. ലാ ആഫീസർ
4. ശ്രീ. റ്റി. എസ്. വിനോദ്, അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് –2
   – എസ്റ്റേറ്റ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന
5. ശ്രീ. എസ്. അനുരാജ്, അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ് –2
   –ദേവസ്വം കമ്മീഷണർ മുഖേന
6. ഇ.ഡി.പി. സെക്ഷൻ
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK